*Malappuram District Police*

# 06.08.2017 മഞ്ചേരി

ഒന്നരക്കിലോ കഞ്ചാവുമായി യുവാവിനെ മഞ്ചേരി പോലീസ് പിടികൂടി. അരീക്കോട് പൂവത്തിക്കൽ പൂളക്കാചാലിൽ അസീസ് @ അറബി അസീസി (34)നെയാണ് സി.ഐ. എസ്.ബി. ഷൈജുവിന്റെ നേതൃത്വത്തിൽ അറസ്റ്റുചെയ്തത്. രണ്ടു ദിവസം മുമ്പ് തെരട്ടമ്മലിൽ ഒന്നേകാൽക്കിലോ കഞ്ചാവുമായി പിടിയിലായ സമജിൽനിന്നാണ് അസീസിനെക്കുറിച്ചുള്ള വിവരം ലഭിച്ചത്. മലപ്പുറം, കോട്ടയ്ക്കൽ, അരീക്കോട്, കൊണ്ടോട്ടി, മഞ്ചേരി, തിരൂർ, തിരൂരങ്ങാടി, നിലമ്പൂർ സ്റ്റേഷനുകളിൽ ഇയാൾക്കെതിരേ കേസുകൾ നിലവിലുണ്ട്. പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിലായി വഞ്ചനക്കേസുകളും നിലവിലുണ്ട്. കോഴിക്കോട് സ്ത്രീയെ തട്ടിക്കൊണ്ടുപോയ കേസിലും അരീക്കോട് പോലീസിനെ ആക്രമിച്ച കേസിലും പ്രതിയാണ്. ആറുമാസം മുമ്പ് മൂന്നുകിലോ കഞ്ചാവുമായി അറസ്റ്റിലായിരുന്നു. പിന്നീട് ജാമ്യത്തിലിറങ്ങി. കമ്പം, തേനി, പഴനി എന്നിവിടങ്ങളിൽ നിന്ന് കാലിക്കച്ചവടത്തിന്റെ മറവിലാണ് കഞ്ചാവ് കടത്തിയിരുന്നതെന്ന് പോലീസ് അറിയിച്ചു. തമിഴ്നാട്ടിലെ മൊത്ത വ്യാപാരികളെയും ഇയാളുമായി ബന്ധപ്പെടുന്ന ചെറുകിടവ്യാപാരികളെയും സംബന്ധിച്ച് അന്വേഷണോദ്യോഗസ്ഥർക്ക് വിവരം ലഭിച്ചു. അറബിയിൽനിന്ന് സഹായംവാങ്ങി നൽകാമെന്ന് പ്രലോഭിപ്പിച്ച് നിർധനരായ സ്ത്രീകളിൽനിന്ന് സ്വർണം തട്ടിയെടുത്ത ഇരുപതോളം കേസുകളും ഇയാളുടെ പേരിലുണ്ട്. പ്രതിയെ കോടതി റിമാൻഡ് ചെയ്തു. എസ്.ഐ. റിയാസ് ചാക്കീരി, അബ്ദുൾറഹ്മാന്, അബ്ദുൾഅസീസ്, ശശി കുണ്ടറക്കാട്, ഉണ്ണിക്ക്യഷ്ണന് മാരാത്ത്, സഞ്ജീവ്, സലീം, സജയൻ എന്നിവരാണ് അന്വേഷണസംഘത്തിലുണ്ടായിരുന്നത്.